# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **900** **10.02.2016** - ൽ മറുപടിക്ക്

## കുടിവെള്ള വിതരണ കമ്പനികളുടെ അംഗീകാരം

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സ്വാഭാവിക കുടിവെള്ള സ്രോതസ്സുകൾ വ്യാപകമായി മലിനീകരിക്കപ്പെടുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വകാര്യ കുപ്പിവെള്ള കമ്പനികളെ സഹായിക്കാൻ സർക്കാർ പ്രസ്തുത വിഷയത്തിൽ ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതിനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാണ്. എന്നാൽ കേരള ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി ഉപയോഗിച്ചു വരുന്ന കുടിവെള്ള സ്രോതസ്സുകൾ മലിനീകരിയ്ക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്ത് സ്രോതസ്സ് ശുദ്ധീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി വരുന്ന ജല സ്രോതസ്സുകൾ മലിനീകരിക്കപ്പെടാതെ സംരക്ഷിക്കുന്നതിനാവശ്യമായ മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയും ഗുണനിലവാരം ഉറപ്പാക്കിയുമാണ് ജനങ്ങളിലെത്തിക്കുന്നത്. ഇതിനായി ശുദ്ധീകരണശാലകളോടനുബന്ധിച്ച് ലാബോട്ടറികൾ പ്രവർത്തിച്ചു വരുന്നു. ശുദ്ധീകരണശാലകളില്ലാത്ത പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച വെള്ളം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം, ശുദ്ധീകരണത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ കേരള ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള ഗുണനിലവാര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**